പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3955** **16.05.2017 ൽ മറുപടിയ്ക്ക്**

**മുളവുകാട്, കടമക്കുടി പഞ്ചായത്തുകളിലെ തരിശു ഭൂമിയിൽ കൃഷി**

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) എറണാകുളം ജില്ലയിൽ തരിശായി കിടന്ന എത്ര ഏക്കർ സ്ഥലത്തു കൃഷി പുനരാരംഭിച്ചു എന്ന് വിശദമാക്കാമോ; | എ) | 2016-17 വർഷം എറണാകുളം ജില്ലയിൽ തരിശായി കിടന്ന 535 ഏക്കർ സ്ഥലത്ത് കൃഷി പുനരാരംഭിച്ചു. 2017-18 വർഷം 750 ഏക്കർ സ്ഥലത്തു കൂടി കൃഷി ഇറക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുളവുകാട്, കടമക്കുടി പഞ്ചായത്തുകളിൽ ഏക്കർകണക്കിന് കൃഷി ഭൂമി തരിശായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സ്ഥലങ്ങളിൽ കൃഷി പുനരാരംഭിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷി പുനരാരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലയിൽ മൊത്തം 750 ഏക്കറോളം തരിശു നിലം 2017-18 സാമ്പത്തിക വർഷം കൃഷി ചെയ്യുന്നതിന്റെ ഭാഗമായി വൈപ്പിൻ നിയോജക മണ്ഡലത്തിലെ മുളവുകാട്, കടമക്കുടി എന്നീ പഞ്ചായത്തുകളിലെ കർഷകരുടേയും സ്ഥല ഉടമകളുടേയും യോഗങ്ങൾ ചേരുകയും തരിശായി കിടക്കുന്ന പരമാവധി സ്ഥലത്ത് കൃഷി ഇറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ